പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 979

20.03.2013 ൽ
മറുപടിയ്ക്ക്

## വിനോദ സഞ്ചാര മേഖലയിലെ പുതിയ സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്.തോമസ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. എ.പി.അനിൽകുമാർ<br>(ബഹു. പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) വിനോദ സഞ്ചാര മേഖലയ്ക്ക് പുത്തനുണർവ് നല്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) അന്താരാഷ്ട്ര നിലവാരമുള്ള ഒരു പ്രാദേശിക സന്ദർശനാനുഭവം പകർന്നു നൽകുക എന്ന ദൗത്യത്തിലൂന്നി സംസ്ഥാനത്തിൻെറ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയുള്ള ഒരു ടൂറിസം നയത്തിന് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും വിവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ മാസ്റ്റർ പ്ളാനുകളുടെ സഹായത്തോടെ ആസൂത്രിത വികസനം നടപ്പിൽ വരുത്തും. പ്രകൃതിക്ക് യാതൊരു കോട്ടവും വരുത്താതെയും കേരളത്തിൻെറ സാംസ്കാരിക പൈതൃകം മുറുകെ പിടിച്ചുകൊണ്ടുമുള്ള പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്. പൊതുമരാമത്ത് വകുപ്പുമായി സഹകരിച്ച് ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള റോഡുകളുടെ വികസനം, വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് കുടിവെള്ള പദ്ധതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള റോഡുകളുടെ വികസനം, ലൈറ്റിംഗ്, ശുചീകരണം തുടങ്ങി പല പദ്ധതികളും നടപ്പിലാക്കികൊണ്ടിരിക്കുന്നു. കേരളത്തിനകത്തുള്ള യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിന് എല്ലാ പ്രധാന ടൂറിസം കേന്ദ്രങ്ങളിലും സീപ്ളയിൻ സർവ്വീസ് നടത്താൻ നടപടികൾ തുടങ്ങി കഴിഞ്ഞു. സംസ്ഥാനത്തെ എല്ലാ പ്രധാന ടൂറിസം കേന്ദ്രങ്ങളിലും കുടുംബശ്രീയുടെ സഹായത്തോടെ സ്ഥിരമായ ശുചീകരണം നടത്തി വരുന്നു. നാറ്റ്പാക്കിൻെറ സഹായത്തോടെ സമാനമായ ടൂറിസം സൈനേജ് പദ്ധതി അനുവദിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയുമായി ചേർന്ന് കേരളത്തിൻെറ ടൂറിസം വികസനത്തിന് കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് സ്റ്റേറ്റ് ടൂറിസം അഡ്വൈസറി കമ്മറ്റിയും വിവിധ ഫോക്കസ് ഗ്രൂപ്പുകളും കർമ്മ നിരതമാണ്. |

അന്താരാഷ്ട്ര തലത്തിലും, രാജ്യത്തിനകത്തും ആയുർവേദ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ പ്രചാരണങ്ങൾ നടത്തി വരുന്നു. മദ്ധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിൽ നിന്നും വിനോദ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കായി റോഡ് ഷോകൾ സംഘടിപ്പിക്കുകയും അന്താരാഷ്ട്ര ടൂറിസം മേളകളിൽ പങ്കെടുക്കുകയും ചെയ്യുന്നുണ്ട്. ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി രാജ്യത്തെ പ്രധാനപ്പെട്ട നഗരങ്ങളിൽ വകുപ്പ് തുടർച്ചയായി റോഡ് ഷോകളും സംഘടിപ്പിച്ചു വരുന്നുണ്ട്. ടൂറിസത്തിന് ലഭ്യമാകുന്ന വരുമാനം തദ്ദേശീയരുടെ ജീവനോപാധിയാക്കി മാറ്റിക്കൊണ്ട് വിനോദ സഞ്ചാര മേഖലയെ സാമ്പത്തിക വികസനത്തിനുള്ള വേദിയാക്കുവാനും ജനകീയ വൽക്കരിക്കുവാനുമായി കൂടുതൽ മേഖലകളിലേക്ക് ഉത്തരവാദിത്വ ടൂറിസം പദ്ധതികൾ വ്യാപിപ്പിക്കുന്നതാണ്. സുവനീർ വ്യാപാരം പ്രാദേശിക സമ്പദ്ഘടനയെ സഹായിക്കുന്നതിനാൽ അവയുടെ ഉൽപ്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

| | |
|---|---|
| ബി) ടൂറിസം മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും എന്തെല്ലാം പുതിയ സംരംഭങ്ങൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ? | ബി) കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന്, കൂടുതൽ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുക ഇപ്പോഴുള്ള ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുക, പുതിയ ആക്ടിവിറ്റികൾ വികസിപ്പിക്കുക, പുതിയ ടൂറിസം ഉത്പന്നങ്ങളായ MICE, ഹെൽത്ത് ടൂറിസം, അഡ്വഞ്ചർ ടൂറിസം, എക്കോ ടൂറിസം, റൂറൽ ടൂറിസം, ഫാം ടൂറിസം, തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുക കയർ, കൈത്തറി, കരകൗശല വസ്തുക്കൾ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ ടൂറിസവുമായി ബന്ധപ്പെടുത്തുക, സുവനിർ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുക, ഹോട്ടലുകൾ, റിസോർട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹൗസ് ബോട്ട്, ഹോംസ്റ്റേ, സർവ്വീസ് വില്ലകൾ, അമ്യൂസ്മെന്റ് പാർക്കുകൾ, ടൂർ ഓപ്പറേഷൻ, തുടങ്ങി വിവിധ മേഖലകളിൽ മുതൽ മുടക്കുന്നത് പ്രോത്സാഹിപ്പിക്കുക, വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യം നേടുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയ വിവിധ പരിപാടികളും സംരംഭങ്ങളും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ